"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കുകളിലെ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് ബിൽ തുക നൽകുന്നതിന് ഭരണാനുമതിയും വിതരണാനുമതിയും നൽകി- ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1043/2026/H&FWD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നമ്പർ 77/2025/ആകുവ തീയതി 13.01.2025
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 03.02.2026 ലെ പിഎ1/3168/2025/മെ.വി.വ നമ്പർ കത്ത്.
3. സ.ഉ.(സാധാ) നമ്പർ 2504/2026/ധന തീയതി 10.03.2026.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കുകളിലെ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസുകൾക്കായി പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി & സപ്പോർട്ട് സർവ്വീസ് എന്ന സ്ഥാപനത്തിന് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. തുടർന്ന് പരാമർശം (2) ലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി, മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കുകളിലെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന് നടത്തുന്ന M/s പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി & സപ്പോർട്ട് സർവീസിന് ജൂൺ 2025 മുതൽ ഡിസംബർ 2025 വരെയുള്ള ബിൽ തുക ₹8,39,29,639/- രൂപ നൽകണമെന്നും, എന്നാൽ 2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ 2210-05-105-98-34 മറ്റ് ചെലവുകൾ ശീർഷകത്തിലെ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിനാൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ പ്ലാൻ സ്കീമിൽ 2210-05-105-98- 34 മറ്റ് ചെലവുകൾ 3-മറ്റിനം എന്ന ശീർഷകത്തിലേയ്ക്ക് വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ പ്ലാൻ സ്കീമിൽ 2210-05-105-71-17 ചെറുകിട മരാമത്ത് പണികൾ ശീർഷകത്തിൽ നിന്നും ₹4,55,00,000/- രൂപയും, 2210-05-105-71-24 സാധന സാമഗ്രികൾ ശീർഷകത്തിൽ നിന്നും ₹3,84,29,639/- രൂപയും ചേർത്ത് ആകെ ₹8,39,29,639/- രൂപ ധന പുനർവിനിയോഗത്തിലൂടെ വിനിയോഗിക്കുന്നതിന് ഭരണാനുമതിയും വിതരണാനുമതിയും നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. പരാമർശം (3) ലെ ഉത്തരവ് പ്രകാരം 2210-05-105-98- 34 മറ്റ് ചെലവുകൾ 3-മറ്റിനം എന്ന ശീർഷകത്തിൽ ₹8,39,30,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കുകളിലെ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് നടത്തിയ M/s പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി & സപ്പോർട്ട് സർവ്വീസിന് 2025 ജൂൺ മാസം മുതൽ 2025 ഡിസംബർ വരെയുള്ള ബിൽ തുകയായ **₹8,39,26,639/- രൂപ (എട്ട് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ആറായിരത്തി അറുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) "2210-05-105-98-34 മറ്റ് ചെലവുകൾ 3 - മറ്റിനം"** എന്ന ശീർഷകത്തിൽ നിന്നും ഉപയോഗിക്കുന്നതിന് ഭരണാനുമതിയും, വിതരണാനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

5. തുക സംബന്ധിച്ച കൃത്യത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

പകർപ്പ്

മെഡ്ിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ് , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (3444964/എച്ച്.എൽ.റ്റി-2/81/2026-ധന തീയതി 12.03.2026)

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/23/2026-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 13-03-2026 10:17:52

സെക്ഷൻ ഓഫീസർ